III സബ്മിഷൻ

(1) പൂഞ്ഞാർ, കൂട്ടിക്കൽ ആശുപത്രികൾക്ക് സ്വന്തമായി കെട്ടിടം

ശ്രീ. പി. സി. ജോർജ് :—സർ, പൂഞ്ഞാർ, കൂട്ടിക്കൽ എന്നീ രണ്ടു ഡിസ്പെൻസറികളും കഴിഞ്ഞവർഷം പ്രൈമറി ഹെൽത്ത് സെന്ററുകളാക്കി മാറ്റി. ഡിസ്പെൻസറിയായിരുന്നപ്പോഴും അവിടെ ഡോക്ടർമാരില്ലായിരുന്നു. ഇപ്പോഴും ദൈവാധീനം കൊണ്ട് പ്രൈമറി ഹെൽത്ത് സെന്ററാക്കിയപ്പോഴും ഓരോ ഡോക്ടർമാർ ഈ രണ്ടു ഡിസ്പെൻസറികളിലും ഉണ്ട്. ഈ രണ്ടു ഡിസ്പെൻസറികൾക്കും കെട്ടിടമില്ല. ഉണ്ടായിരുന്ന കെട്ടിടങ്ങളും തന്നെ ചോർന്നൊലിക്കുന്നു. രോഗികൾക്ക് കിടക്കാൻ നിവൃത്തിയില്ല. മെയിന്റനൻസു നടത്തിയിട്ടില്ല. ഈ രണ്ടു പ്രൈമറി ഹെൽത്ത് സെന്ററുകളും ഒരു മാതിരി മനുഷ്യർക്കു ചികിൽസിക്കുന്ന നിലയിലാക്കി എന്നെയും എന്റെ നിയോജക മണ്ഡലത്തിലെ രണ്ടു പഞ്ചായത്തുകളെയും രക്ഷിക്കണമെന്ന് താഴ്മയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇതിനെക്കുറിച്ച് ഗവൺമെന്റിനു ഔദ്യോഗികമായ പരാതിയൊന്നും കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യത്തെ സംബന്ധിച്ച് എന്താണ് സ്ഥിതിയെന്നുള്ളത് രണ്ടു ദിവസത്തെ സമയംകൊണ്ട് അന്വേഷിക്കുവാൻ കഴിഞ്ഞിട്ടില്ല. വിശദവിവരം അന്വേഷിച്ച് അതിന്റെ വിഷമതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ വേണ്ട നിർദ്ദേശം ഡയറക്ടർക്ക് കൊടുത്തിരിക്കുകയാണ്.

അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ

(2) കുട്ടനാടൻ പാടശേഖരങ്ങളിൽ വെള്ളപ്പൊക്കംമൂലമുണ്ടായ കൃഷി നാശം

ശ്രീ. വി. കേശവൻ : സർ, കഴിഞ്ഞ ആഗസ്റ്റ് ആദ്യവാരത്തിലുണ്ടായ മഴയും വെള്ളപ്പൊക്കവും കൊണ്ട് ആലപ്പുഴ ജില്ലയിൽ പൊതുവെ സൻപിച്ച നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ കുട്ടനാട് പ്രദേശത്തെ ഏതാണ്ട് ഒരു ലക്ഷത്തി നാല്പത്തയ്യായിരത്തോളം ഏക്കർ കൃഷി ചെയ്യുന്ന പാടശേഖരങ്ങളാകെ വെള്ളത്തിനടിയിലാകുകയും നശിച്ചുപോവുകയും ചെയ്തു. അൻപതിനായിരം ഏക്കർ സ്ഥലത്തെ രണ്ടാം വിള ചെയ്തു. വിളഞ്ഞ് പാകമായി കൊയ്യാറായിക്കിടക്കുന്ന മുഴുവൻ നെല്ലും കൃഷിക്കാർക്ക് നഷ്ടപ്പെട്ടു. അനേകം വീടുകളും നഷ്ടപ്പെട്ടു. ധാരാളം വൃക്ഷങ്ങളും നശിച്ചു. ഇങ്ങനെ കുട്ടനാട്ടിൽ വെള്ളപ്പൊക്കവും നാശനഷ്ടങ്ങളും ഉണ്ടാകാൻ കാരണം ആഗസ്റ്റ് 6-ാം തീയതി പെയ്ത കനത്ത മഴയാണ്. മഴ വരുന്ന സമയത്ത് എല്ലാ സീസണിലും തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടേയും ഷട്ടറുകളും തുറന്ന് ആ വെള്ളം വേമ്പനാട് കായലിലേക്കും കടലിലേക്കും ഒഴുക്കിവിടുകയാണ് ചെയ്യുന്നത്. എന്നാൽ ഇപ്പോൾ ആഗസ്റ്റ് 9-ാം തീയതി നെഹ്രു ട്രോഫി വള്ളം കളി വന്നു. ആലപ്പുഴയിലെ പുന്നമട കായലിൽ ജലനിരപ്പ് ഉയർത്താൻവേണ്ടി ഷട്ടർ തുറക്കാതിരുന്നതിന്റെ ഫലമായി കുട്ടനാട്ടിൽ വെള്ളം പൊങ്ങി. കുട്ടനാടും അപ്പർ കുട്ടനാട് മേഖലയും ആകെ തകർന്നു ആലപ്പുഴ ജില്ലാകളക്ടർ ചെയർമാനും ആർ. ഡി. ഒ. സെക്രട്ടറിയുമായ ഒരു കമ്മറ്റിയാണ് വള്ളം കളി മൽസരം നടത്തിയത്. കൃഷിക്കാരും നാട്ടുകാരുമെല്ലാം ഷട്ടർ തുറന്ന് കുട്ടനാടിനെ രക്ഷിക്കണമെന്നാവശ്യപ്പെട്ടു. ആ സമയത്ത് യാതൊന്നും ചെയ്തില്ല. ആഗസ്റ്റ് 12-ാം

LIBRARY ARCHIVES Kerala Legislative Assembly

തീയതിയാണ് ആ ഷട്ടർ തുറക്കുന്നത്. അത്രയും സമയം വെള്ളം തിങ്ങി നിന്ന് കുട്ടനാട് പ്രദേശമാകെ തകർന്നു. കൃഷിയാകെ നശിച്ചു. കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കണമെന്നും വീടുനഷ്ടപ്പെട്ടവർക്ക് പുനരധിവാസ സഹായം കൊടുക്കണമെന്നും ആവശ്യപ്പെട്ടു. ഇതുപോലെ കുറ്റകരമായ നിലപാട് സ്വീകരിച്ച, ഷട്ടർ തുറക്കാതെ വെള്ളം ഉയർത്തിയ, ജില്ലാ കളക്ടർ അടക്കമുള്ള ആളുകളുടെ പേരിൽ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാനടക്കം കർഷകത്തൊഴിലാളികളുടെ ആലപ്പുഴ ജില്ലാ കമ്മിറ്റി ഒപ്പിട്ട നിവേദനം റവന്യൂ വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും എല്ലാം കൊടുത്തതാണ്. അവിടത്തെ കർഷകസംഘം, കേരളാകോൺഗ്രസ്സിന്റെ കർഷകയൂണിയൻ അതുപോലെതന്നെ പത്രങ്ങളെല്ലാം ഇത്തരത്തിൽ കുറ്റകരമായ നിലപാട് സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് വെള്ളപ്പൊക്കമുണ്ടായതെന്ന് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. യാതൊരു നടപടിയും ഇതിൽ ഉണ്ടായിട്ടില്ല. അതുകൊണ്ട് വീടു നഷ്ടപ്പെട്ടവർക്കും കൃഷി നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരം കൊടുക്കണം. ഷട്ടറുകൾ തുറക്കാതെ കുട്ടനാടിനെയും ആലപ്പുഴയില്ലയെയും തകർത്ത ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുക്കണം. വീടു നഷ്ടപ്പെട്ടവർക്ക് പുനരധിവാസ സഹായം നൽകണമെന്ന് ബഹുമാനപ്പെട്ട ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, തോട്ടപ്പള്ളി സ്പിൽവേയുടേയും തണ്ണീർമുക്കം ബണ്ടിന്റേയും ഷട്ടറുകൾ തുറക്കാതിരുന്നതിന്റെ ഫലമായിട്ടാണ് ഈ കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ കുട്ടനാട് വെള്ളപ്പൊക്കം ഉണ്ടായതെന്ന ആരോപണം ശരിയല്ല എന്നാണ് ഗവൺമെൻറിന് കിട്ടിയിരിക്കുന്ന റിപ്പോർട്ട്. തണ്ണീർമുക്കം ഷട്ടർ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നതിന് ഒരു തീരുമാനമെടുക്കാൻ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ തീരുമാനപ്രകാരം ആഗസ്റ്റ് 6, 7 തീയതികളിൽ ആകെയുള്ള 62 ഷട്ടറുകളിൽ 40 എണ്ണം മാത്രം അടയ്ക്കുകയുണ്ടായി. എന്നാൽ എട്ടാം തീയതി കനത്ത മഴയുണ്ടായതിനെത്തുടർന്ന് അടച്ച ഷട്ടറുകൾ തുറക്കാൻ സത്വര നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇടയ്ക്കിടെ ഉണ്ടായ വൈദ്യുതി തടസ്സംമൂലം ഷട്ടറുകൾ തുറക്കാൻ കൂടുതൽ സമയം വേണ്ടി വന്നു. 8-ാം തീയതി പത്തെണ്ണവും 9-ാം തീയതി ആറെണ്ണവും 11-ാം തീയതി 24 എണ്ണവും ഷട്ടറുകൾ തുറക്കുകയുണ്ടായി. ഈ ദിവസങ്ങളിൽ തണ്ണീർമുക്കം ബണ്ടിന്റെ താഴെയുള്ള ഭാഗത്ത് കടലിൽ നിന്നും ഉള്ള വേലിയേറ്റ സമ്മർദ്ദത്തിന്റെ ഫലമായി ജലവിതാനം ഉയർന്നു നിന്നിരുന്നു. അതുകൊണ്ട് ഷട്ടറുകൾ മുഴുവൻ തുറന്നിരുന്നില്ലെങ്കിൽത്തന്നെയും മുകളിൽ നിന്നും കുട്ടനാടൻ പ്രദേശങ്ങളിൽ വെള്ളം താഴോട്ട് സുഗമമായി ഒഴുകാൻ സാദ്ധ്യമായിരുന്നില്ല. ഷട്ടർ തുറന്നപ്പോൾ ഉണ്ടായ അനുഭവം ഇതാണ്. അതുകൊണ്ട് ഏതാനും ഷട്ടറുകൾ തുറക്കാതിരുന്നതുമൂലമാണ് കുട്ടനാട് പ്രളയക്കെടുതികൾ ഉണ്ടായതെന്ന ധാരണ ശരിയല്ല. ഈ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട എം. എൽ. എ. മാർ എല്ലാം ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഷട്ടർ തുറക്കാൻ കുറെ കാലതാമസമുണ്ടായെന്നുള്ളതു് ശരിയാണ്. എന്നാൽ ഈ വെള്ളപ്പൊക്കം ഇത്ര രൂക്ഷമായി ഉണ്ടാകാൻ കാരണം ഷട്ടറുകൾ തുറക്കാത്തതുകൊണ്ടാണെന്നുള്ള ആരോപണം ശരിയല്ല.

(3) പള്ളിപ്പുറം എൽ. പി. ബി. സ്കൂളിന് പുതിയ കെട്ടിടം

ശ്രീ. എം. എം. ഹസ്സൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതും കണ്ണിയാപുരം വിദ്യാഭ്യാസ ജില്ലയിൽപ്പെട്ടതുമായ പള്ളിപ്പുറം എൽ. പി. ബി. എസ്. പത്തെഴുപതു കൊല്ലക്കാലം പഴക്കമുള്ള ഒരു സർക്കാർ വിദ്യാല

LIBRARY ARCHIVES Kerala Legislative Assembly